**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5540** **05-07-2024 - ൽ മറുപടിയ്ക്ക്**

**നാടൻ ജനുസ് പശുക്കളെ സംരക്ഷിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | നാടൻ ജനുസ് പശുക്കളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിന്റെ തനതു ജനുസ്സുകളായ വെച്ചൂർ, കാസറഗോഡ് ഡ്വാർഫ് എന്നിവയും മറ്റു നാടൻ ജനുസ്സുകളുടെയും സംരക്ഷണത്തിനും വ്യാപനത്തിനുമായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിന്റെ തനതു കന്നുകാലി ജനുസ്സുകളെ അവയുടെ തനതു പ്രജനന മേഖലയിൽ നിന്നും തെരഞ്ഞെടുത്ത് വാങ്ങുവാൻ ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു. ഇങ്ങനെ വാങ്ങുന്ന പശുക്കളെ ബോർഡിന്റെ ഫാമിൽ എത്തിച്ച് വിദഗ്ധരുടെ കീഴിൽ പ്രജനനം നടത്തുന്നതാണ്. കൂടാതെ മികച്ച തനതു ജനുസ്സുകളിൽപ്പെട്ട കാളകളെ തെരഞ്ഞെടുത്ത് അവയിൽ നിന്നും ഗാഢ ശീതീകരിച്ച ബീജോൽപാദനം നടത്തി ബീജാധാന കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്നു.<br><br>നാടൻ ജനുസ്സ് പശുക്കളെ സംരക്ഷിക്കുന്നതിനായി രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ ഭാഗമായി "ജനറ്റിക് ഇംപ്രൂവ്മെന്റ് ഓഫ് വെച്ചൂർ ആന്റ് കാസർഗോഡ് കാറ്റിൽ ഓഫ് കേരള" എന്ന പദ്ധതിക്കായി കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല 59.40 ലക്ഷം രൂപ മണ്ണുത്തിയിലുള്ള വെച്ചൂർ ഫാമിന് നൽകിയിട്ടുണ്ട്. നാടൻ ജനുസുകളുടെ സംരക്ഷണത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കുമായി സർവ്വകലാശാല പ്രാധാന്യം നൽകി വരുന്നുണ്ട്.<br><br>മണ്ണുത്തി വെറ്ററിനറി കോളേജിൽ വെച്ചൂർ പരിരക്ഷണ പദ്ധതിയുടെ ഭാഗമായി 104 എണ്ണം വെച്ചൂർ ഇനം കന്നുകാലികളും 29 എണ്ണം കാസർഗോഡ് ഇനം കന്നുകാലികളും ഉൾപ്പെടെ ആകെ 133 മൃഗങ്ങൾ ഉണ്ട്. സർവ്വകലാശാലയുടെ തുമ്പൂർമുഴിയിലുള്ള കന്നുകാലി പ്രജനന കേന്ദ്രത്തിൽ 8 വെച്ചൂർ പശുക്കളും തിരുവാഴാംകുന്നിലുള്ള കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ 45 വെച്ചൂർ പശുക്കളും പൂക്കോട് ILFC |

| | | | |
|---|---|---|---|
| | | | **ഫാമിൽ കിടാവുകളെയും ചേർത്ത് 41 പശുക്കളും 9 മൂരികളും ഉണ്ട്.**<br><br>**മണ്ണുത്തി വെച്ചൂർ ഫാമിൽ നിന്നും 2024 ജൂൺ മാസത്തിൽ അഞ്ച് പശുക്കിടാരികളെ കർഷകർക്ക് വിൽപ്പന നടത്തിയിട്ടുണ്ട്. കർഷകരുടെ നാടൻ പശുക്കൾക്ക് കൃത്രിമ ബീജസങ്കലനത്തിനുള്ള വെച്ചൂർ, കാസർഗോഡ് കുള്ളൻ കാളകളുടെ ബീജം ഫാമിൽ നിന്നും ലഭ്യമാക്കുന്നു. സമീപഭാവിയിൽ തന്നെ പൂക്കോട് ഫാമിൽ നിന്നും കർഷകർക്ക് വെച്ചൂർ പശുക്കിടാക്കളെ വിൽക്കുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ